"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ക്ലാർക്ക് തസ്തികയിൽ ശ്രീ. അബിൻ ചന്ദ്. എ. എസിന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.2341/2025/LSGD തീയതി,തിരുവനന്തപുരം, 25-09-2025

പരാമർശം:-

1. സ.ഉ.(സാധാ)നം.894/2019/തസ്വഭവ തീയതി 26.04.2019
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.06.2025 ലെ ഡിഎച്ച്എസ്/16088/2025-ഇഡി1 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
3. പ്രോജക്ട് ഡയറക്ടറുടെ 26.06.2025 ലെ ഇ1/65/2020/പിഎംയുഎൽഎസ്ജിഡി നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.1860/2025-തസ്വഭവ തീയതി 28.07.2025

**ഉത്തരവ്**

പരാമർശം (1) പ്രകാരം രൂപീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള റീബിൽഡ് കേരള പ്രോജക്ട് മാനെജ്മെന്റ് യൂണിറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കുന്നതിന് ആരോഗ്യ വകുപ്പിൻ കീഴിൽ തൃശ്ശൂർ ജില്ലയിലെ തെക്കുംകര കുടുംബാരോഗ്യകേന്ദ്രത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന അബിൻചന്ദ്. എ. എസ് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് നിരാക്ഷേപ സാക്ഷ്യപത്രം പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ക്ലാർക്ക് തസ്തികയിലേക്ക് അബിൻചന്ദ്.എ.എസിന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പ്രോജക്ട് ഡയറക്ടർ, പിഎം.യു പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

പരാമർശം (4) പ്രകാരം പ്രോജക്ട് മാനേജമെന്റ് യൂണിറ്റിന്റെ പ്രവർത്തനം ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ച് കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കീഴിൽ നിലനിർത്തിയിട്ടുണ്ട്. ആയതു പ്രകാരം നിലനിർത്തിയിട്ടുള്ള ഒരു ക്ലാർക്ക് തസ്തികയിലാണ് നിയമനം.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൻ കീഴിൽ തെക്കുംകര

കുടുംബാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്കായ ശ്രീ അബിൻചന്ദ്.എ.എസ് ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കീഴിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനവുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾക്കും ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കോ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന കാലാവധി അവസാനിക്കുന്ന വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പകർപ്പ്:-
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ശ്രീ അബിൻചന്ദ്.എ.എസ്, ക്ലാർക്ക്, തെക്കുംകര കുടുംബാരോഗ്യകേന്ദ്രം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ(ആർ.കെ.ഐ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 25-09-2025 12:37:32